LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പ്

| | |
|---|---|
| 1. ഫാമുകളിൽ തീറ്റപ്പുൽ കൃഷി | 1.50 |

കെ. എൽ. ഡി. ബോർഡ്

| | |
|---|---|
| 1. അസിസ്റ്റൻസ് ഫോർ സീഡ് പ്രൊഡക്ഷൻ പ്രോഗ്രം | 15.00 |
| 2. കുടുംബശ്രീ ലിങ്ക്ഡ് ഫോറേജ് സെന്റേർസ് | 25.00 |
| ആകെ | 241.50 |

ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണമേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ

139 [1443] ശ്രീ. എം. ജെ. ജേക്കബ്:
,, കെ. കുഞ്ഞമ്മത് മാസ്റ്റർ:
ശ്രീമതി കെ. കെ. ലതിക:
ശ്രീ. ആർ. സെൽവരാജ്:
,, എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ എത്ര വർഷം കൊണ്ട് സ്വയം പര്യാപ്തത നേടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഉയർന്ന പാലുല്പാദനശേഷിയുള്ള പശുക്കളെ വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) മൃഗസംരക്ഷണ രംഗത്ത് മുതൽ മുടക്കുന്നതിനായി സംഘടിച്ച നിക്ഷേപസംഗമങ്ങൾ വിജയകരമായിരുന്നോ എന്ന് അറിയിക്കുമോ;

(ഇ) പദ്ധതികൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിപ്രകാരം പാലിന്റെ ഉൽപാദനം 2008-09 വർഷാവസാനത്തോടെ 25 ലക്ഷം മെട്രിക് ടണ്ണായും മുട്ടയുടെ ഉൽപാദനം 160 കോടിയായും വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മാംസ ഉൽപാദന വർദ്ധനവിനും ഊന്നൽ നൽകുന്നുണ്ട്. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾക്കായി താഴെ പറയുംപ്രകാരം 25 കോടി രൂപയാണ് ഭക്ഷ്യസുരക്ഷാ പദ്ധതിയ്ക്കായി നീക്കിവച്ചിട്ടുള്ളത്.

| | രൂപ (ലക്ഷത്തിൽ) |
|---|---|
| **മൃഗസംരക്ഷണം** | |
| 1. വ്യാവസായികാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ ഉൽപാദന പദ്ധതി | 200 |
| 2. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് | 200 |
| 3. കെ. എൽ. ഡി. ബോർഡിനുള്ള സഹായം | 150 |
| 4. മലബാർ റീജിയണൽ യൂണിയനുള്ള സഹായം | 50 |
| 5. കേരളാ ഫീഡ്സിനുള്ള സഹായം | 200 |
| 6 സംയോജിത കന്നുകാലി വികസനം (എ. സി. എ.) | 1000 |
| 7. കെ. എസ്. പി. ഡി. സി.-യ്ക്ക് പൗൾട്രി വികസനത്തിനുള്ള സഹായം | 100 |
| | 1900 |
| **ക്ഷീരവികസനം** | |
| വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോല്പാദനവും മിൽക്ക് ഷെഡ് വികസനവും | 600 |
| ആകെ | 2500 |

കെ. എൽ. ഡി. ബോർഡ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.

1. ക്ഷീരധാര
2. ഗോസമൃദ്ധി
3. ഹൈടെക്ക് ഡയറി ഫാം

4. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി, കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് സംസ്ഥാനത്തെ പാതയോരങ്ങളിലും, തരിശ് ഭൂമികളിലും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലും പുൽകൃഷിക്ക് ഊന്നൽ നൽകുന്നു.

(ബി) 11-ാം പദ്ധതിയുടെ അവസാനത്തോടെ.

(സി) ഉയർന്ന ഉൽപാദനശേഷിയുള്ള പശുക്കളെ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി കാസറഗോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ വിദർഭ പദ്ധതിപ്രകാരം 4500 പശുക്കളെ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. 226 സുനാമി ബാധിത വില്ലേജുകളിൽ 1356 പശുക്കളെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പശുഗ്രാമം, മിൽക്ക് ഷെഡ് വികസന പദ്ധതി എന്നിവ വഴിക്കും പശുക്കളെ വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിജയകരമായിരുന്നു.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന ക്ഷീര സഹകരണ സംഘങ്ങൾ

140 [1444] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര സംഘങ്ങൾക്ക് സ്വന്തമായി ഭൂമിയും കെട്ടിടവുമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി ഭൂമിയും കെട്ടിടവുമില്ലാത്ത സംഘങ്ങൾക്ക് ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര ക്ഷീര സംഘങ്ങൾക്ക് ഇലക്ട്രോണിക് മിൽക്ക് ടെസ്റ്റർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) എല്ലാ സംഘങ്ങൾക്കും ഇലക്ട്രോണിക് മിൽക്ക് ടെസ്റ്റർ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2937 ക്ഷീര സഹകരണ സംഘങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്.

(ബി) 1725 സംഘങ്ങൾക്ക് സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ട്.

(സി) കെട്ടിടം നിർമ്മിക്കുന്നതിനോ കെട്ടിടം ഉൾപ്പെട്ട ഭൂമി വാങ്ങുന്നതിനോ ഉള്ള സാമ്പത്തികസഹായം, മേഖലാ യൂണിയനുകൾ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭ്യമാക്കുന്നുണ്ട്. സ്ഥലം, കെട്ടിടം എന്നിവ ഇല്ലാത്ത സംഘങ്ങൾക്ക് ആയത് ലഭ്യമാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ മുഖേനയും സഹായം ലഭ്യമാക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ പരമാവധി നൽകുന്ന സഹായം യഥാക്രമം 25,000 രൂപ, 20,000 രൂപ, 50,000 രൂപ ക്രമത്തിലാണ്.

(ഡി) സംസ്ഥാനത്ത് ആകെ 2124 ക്ഷീര സംഘങ്ങൾക്ക് മിൽക്ക് ടെസ്റ്റർ ഉണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംഘങ്ങൾക്ക് ഇലക്ട്രോണിക് മിൽക്ക് ടെസ്റ്റർ വാങ്ങുന്നതിനുള്ള ധനസഹായം നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly